നമ്പർ : സി.ബി. (1) 13302/05

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്

തിരുവനന്തപുരം. 31/3/05.

# സർക്കുലർ നമ്പർ 8/2005

വിഷയം: പ്രാഥമിക സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കിൽ നടത്തുന്ന നിക്ഷേപങ്ങൾക്ക് പലിശ പുനർ നിർണയം സംബന്ധിച്ച്.

സൂചന: 28/2/05ൽ കൂടിയ ജില്ലാ ബ്ളോക്ക് സമ്മേളന തീരുമാനം.

കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങൾ വ്യക്തികളിൽ നിന്നും സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ, പ്രാഥമിക സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ നടത്തുന്ന നിക്ഷേപങ്ങൾക്ക് നൽകുന്നില്ലെന്നും സംഘങ്ങൾക്ക് ഇതുമൂലം വലിയ സാമ്പത്തിക നഷ്ടമുണ്ടാകുന്നുവെന്നും ആയതിനാൽ പ്രാഥമിക സംഘങ്ങൾ വ്യക്തികളുടെ നിക്ഷേപങ്ങൾക്ക്, അതാത് സ്ളാബുകളിൽ നൽകുന്ന പലിശ, ജില്ലാ സഹകരണ ബാങ്കുകളിൽ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നിക്ഷേപങ്ങൾക്കും നൽകണമെന്നും ജില്ലാ സഹകരണ ബാങ്കുകളുടെ നിക്ഷേപങ്ങൾക്ക് അതാതു സ്ളാബുകൾക്ക് നിലവിലുള്ള നിരക്കിനേക്കാൾ 1/4 ശതമാനം കൂടിയ നിരക്ക് സംസ്ഥാന സഹകരണ ബാങ്കും നൽകേണ്ടതാണെന്നും 28/2/05ൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പ്രാഥമിക സഹകരണസംഘങ്ങൾ ജില്ലാ സഹകരണ ബാങ്കിൽ നടത്തുന്ന നിക്ഷേപങ്ങൾക്ക് പ്രാഥമിക സംഘങ്ങൾ വ്യക്തികളുടെ നിക്ഷേപങ്ങൾക്ക് അതാതു സ്ളാബുകളിൽ നൽകുന്ന പലിശ, ജില്ലാ സഹകരണ ബാങ്കുകൾ നൽകേണ്ടതാണെന്നും ജില്ലാ സഹകരണ ബാങ്കുകളുടെ നിക്ഷേപങ്ങൾക്ക് അതാത് സ്ളാബുകൾക്ക് നിലവിലുള്ള നിരക്കിനേക്കാൾ 1/4 ശതമാനം കൂടിയ നിരക്ക് സംസ്ഥാന സഹകരണ ബാങ്കും നൽകേണ്ടതാണെന്നും ഇതിനാൽ നിർദേശം നൽകുന്നു. ഇതിന് 1/3/2005 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്

കെ.കേശവൻ

സഹകരണസംഘം രജിസ്ട്രാർ

ഇൻചാർജ്.

1. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണബാങ്ക്.

2. എല്ലാ ജില്ലാ സഹകരണബാങ്ക് ജനറൽ മാനേജർമാർക്കും.

3. എല്ലാ പ്രാഥമിക സഹകരണസംഘങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ (ജ) മുഖേന)

4. എല്ലാ ജോയിന്റ് രജിസ്ട്രാർ ജനറൽമാർക്കും.

5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ/ (ജനറൽ/ആഡിറ്റ്) മാർക്കും.

6. സെക്രട്ടറി, സഹകരണവകുപ്പ് (ആവരണ കത്ത് സഹിതം)

7. ഡയറക്ടർ, പബ്ളിക് റിലേഷൻസ് വകുപ്പ്.

8. ആഡിറ്റർ, സഹകരണജേർണൽ, സംസ്ഥാന സഹകരണ യൂണിയൻ

9. ആഡിറ്റർ, സഹകരണവീഥി

10. സ്റ്റോക്ക് ഫയൽ.

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി.

കെ.ജെ. 31/3/05